**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 162** **05-12-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ജി.ഒ. (എം.എസ്.) നമ്പർ.14/2010/പി. ആന്റ് എ.ആർ.ഡി. തീയതി 12-04-2010 ഉത്തരവുപ്രകാരം വിവാഹിതരായ മകൻ/മകൾ എന്നിവർക്ക് ആശ്രിത നിയമനത്തിന് അപേക്ഷിക്കാൻ അർഹത ഉണ്ടെന്നിരിക്കെ കൊല്ലം ജില്ലയിലെ പല വില്ലേജ് ഓഫീസർമാരും കൃത്യമായ റിപ്പോർട്ട് നൽകാത്തത് കാരണം ആശ്രിത നിയമന സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (എ) | ഇു സംബന്ധിച്ച് സർക്കാരിൽ റവന്യൂ വകുപ്പിൽ ലഭിച്ച ഒരു പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വിവാഹം കഴിഞ്ഞു എന്ന കാരണത്താൽ മാതാപിതാക്കളുടെ ആശ്രിതരല്ല എന്ന് നിർവചിച്ചുകൊണ്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് / റവന്യൂ വകുപ്പ് ഏതെങ്കിലും ഉത്തരവുകൾ/ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഉത്തരവുകൾ / സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | ആശ്രിത നിയമനത്തിന് വിവാഹിതരായ മകൻ/ മകൾ എന്നിവരെ കൂടി പരിഗണിക്കാമെന്ന് 12.04.2010 ലെ സ.ഉ.(പി) നം. 14/2010/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരമുള്ള അപേക്ഷകർ വിവാഹ ശേഷവും അവർ മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ/ ഉദ്യോഗസ്ഥയുടെ ആശ്രിതരായിരുന്നു എന്ന താഹിസിൽദാരുടെ സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം ഹാജരാക്കണം എന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ